LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി മണ്ഡലത്തിലെ കനാൽ റോഡുകൾ

141 (4427) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ കരയിൽ റോഡ് നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് എപ്പോൾ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വലതുകര പ്രധാന കനാലിലെ ചെ. 21/850 കി. മീറ്ററിനും 22/550 കി. മീറ്ററിനും മധ്യേയുള്ള റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) CPWD നിരക്കിലെ കോസ്റ്റ് ഇൻഡക്സ് പുതുക്കിയത് നിമിത്തം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് പൂർത്തിയായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

കനോലി കനാൽ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി

142 (4428) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ കടന്ന് പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ മാലിന്യങ്ങൾ വന്നടിഞ്ഞ് ജീർണാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയോജക മണ്ഡലത്തിൽ കനാലിന്റെ ഇരുകരകളും കെട്ടി സംരക്ഷിക്കുന്നതിന് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തി എത്ര ദൂരത്തിലാണ് നടപ്പിലാക്കുന്നതെന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നടപടിയെടുക്കുമോ;